## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 629 06.02.2013 ലെ മറുപടിയ്ക്ക്

### `കാരുണ്യ ലോട്ടറി ` പദ്ധതിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കിയ കാരുണ്യ ലോട്ടറിയിൽ നിന്നും ഇതുവരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്ത് പുതുതായി നടപ്പിലാക്കിയ കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും തുടക്കം മുതൽ 27.01.2013 വരെ 562.48 കോടി രൂപ വരുമാനമുണ്ടായിട്ടുണ്ട്. |
| (ബി) | ഇതുവരെ എത്ര രോഗികൾക്ക് ധനസഹായം നൽകിയിട്ടുണ്ട് ; | 7485 രോഗികൾക്ക് ചികിത്സാ സഹായം അനുവദിച്ചു. |
| (സി) | ഏതെല്ലാം രോഗങ്ങൾക്കാണ് സഹായം നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകുന്നത്. പരമാവധി മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ രോഗിക്ക് പരമാവധി രണ്ട് ലക്ഷം രൂപയാണ് ചികിത്സാ സഹായം അനുവദിക്കുന്നത്. |
| (ഡി) | ശസ്ത്രക്രിയ വേണ്ട രോഗികളുടെ അപേക്ഷ ലഭിച്ചതിനു ശേഷം നടക്കുന്ന ശസ്ത്രക്രിയക്ക് മാത്രം ധനസഹായം ലഭ്യമാക്കുകയുള്ളു എന്ന് വ്യവസ്ഥയുണ്ടോ ; | **(ഡി) & (ഇ)**<br>ഉണ്ട്. എന്നാൽ അപേക്ഷ നൽകുന്നതിനു മുമ്പ് സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരാകേണ്ടി വരുന്ന രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ ജില്ലാ ഓഫീസുകളിൽ അപേക്ഷ നൽകാവുന്നതാണ്. |
| (ഇ) | അടിയന്തിര സാഹചര്യങ്ങളിൽ നടക്കുന്ന ശസ്ത്രക്രിയകളെ ഇതിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |
| (എഫ്) | സ്വകാര്യ ആശുപത്രികളെ ചികിത്സക്കായി തിരഞ്ഞെടുത്തതിൽ ട്രസ്റ്റുകൾ നടത്തുന്ന ഡയാലിസിസ് സെന്ററുകളെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | ഓരോ താലൂക്കിലും രണ്ടു വീതം സർക്കാരിതര ഡയാലിസിസ് സെന്ററുകൾ അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ജി) | അടിയന്തിരഘട്ടങ്ങളിൽ അന്യസംസ്ഥാനത്ത് നടത്തപ്പെടുന്ന ചികിത്സക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | നിലവിൽ പരിഗണനയിലില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ